കേരള കാർഷിക സർവകലാശാല വാർത്തകൾ

(ആഗസ്റ്റ് 3 - 9 , 2018)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651

E-mail: ccmannuthy@kau.in, Phone: 0487-2370773)

**No. C3/4/2018 – 32** **Dt. 02.08.2018**

ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. നെല്ലിലെ ഓലചുരുട്ടിപ്പുഴുവിന്റെയും തണ്ടുതുരപ്പന്റെയും ആക്രമണം നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോ ഗ്രമ്മ കാർഡ് വീതം, ചെറു കഷണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലി പ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

തെങ്ങിനെ ബാധിക്കുന്ന പ്രധാന കുമിൾ രോഗങ്ങളാണ് ചെന്നീരൊലിപ്പ്, കൂമ്പു ചീയൽ എന്നിവ. ചെന്നീരൊലിപ്പ് ബാധിച്ച തെങ്ങിന് 5 കിലോഗ്രാം വീതം വേപ്പിൻ പിണ്ണാക്ക് ചേർക്കണം. കറ ഒലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി വൃത്തിയാക്കുകയും അവ ശിഷ്ടം കത്തിച്ചു കളഞ്ഞതിനു ശേഷം ഉരുക്കിയ ടാറോ, ബോർഡോ കുഴമ്പോ തേയ്ക്കുക. കാറ്റു വീഴ്ച്ച ബാധിച്ച തെങ്ങിൻ തോട്ടങ്ങളിൽ ഓലചീയൽ രോഗവും സാധാരണയായി കാണാറുണ്ട്. നടുനാമ്പിന്റെ അഴുകിത്തുടങ്ങിയ ഭാഗം ചെത്തി മാറ്റി തീയിട്ട് നശിപ്പിക്കുക. പിന്നീട് ബോർഡോ കുഴമ്പ് പുരട്ടി വെള്ളം ഇറങ്ങാത്ത വിധം മൺ ചട്ടി കൊണ്ട് മൂടി വയ്ക്കുക. കൂടാതെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം പശ ചേർത്ത് തെങ്ങോലകളിൽ തളിച്ചു കൊടുക്കുകയും വേണം. വർഷത്തിൽ 10 തേങ്ങയിലും കുറവു ലഭിക്കുന്ന തെങ്ങുകളും സാരമായ രോഗബാധയുള്ളതുമായ തെങ്ങുകളും രോഗബാധിതമായ തൈത്തെങ്ങുകളും വെട്ടി മാറ്റി നശിപ്പിച്ചതിനു ശേഷം രോഗപ്രതിരോധശേഷിയും അത്യുല്പാദനശേഷി യുമുള്ള ഇനങ്ങളുടെ തൈകൾ നടണം.

നീർവാർച്ച കുറവുള്ള സ്ഥലങ്ങളിൽ ഇഞ്ചിക്ക് വാട്ട രോഗം കാണുന്നുണ്ട്. ചെടികൾ പെട്ടെന്ന് വാടിപ്പോവുകയും കടചീയുകയും ചെയ്യുന്നതാണ് രോഗ ലക്ഷണം. ഇത് പെട്ടെന്ന് വ്യാപിക്കുകയും ചെയ്യും. രോഗം നിയന്ത്രിക്കുന്നതിനായി ആദ്യം തടത്തിൽ കുമ്മായം വിതറണം. തടത്തിൽ നീർവാർച്ച ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. ഒരാഴ്ച്ച കഴിഞ്ഞ് സ്യൂഡോമോണാസ് ചാണകപ്പൊടിയുമായി ചേർത്ത് മണ്ണിലിട്ടു കൊടുക്കുകയും കൂടാതെ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി രോഗം ബാധിച്ച ചെടികൾക്കും തളിക്കുകയും ചെയ്യണം.

മഴയും വെയിലും മാറി മാറി വരുന്ന സാഹചര്യങ്ങളിൽ വിളകൾക്ക് കുമിൾ രോഗം വരാനുള്ള സാദ്ധ്യത കൂടുതലാണ്. ഇതിനെതിരെ ട്രൈക്കോഡെർമ്മ വിറിഡെ എന്ന ജീവാണു ഉണങ്ങിയ ചാണകപ്പൊടി, വേപ്പിൻപിണ്ണാക്ക് എന്നിവ ചേർത്ത് വളർത്തി യതിനു ശേഷം തോട്ടങ്ങളിൽ ഇട്ടു കൊടുത്താൽ കുമിൾ രോഗങ്ങളെ ഒരു പരിധിവരെ തടയുവാൻ സാധിക്കും.

നട്ട് നാലു മാസം പ്രായമായ പാളയൻ കോടൻ വാഴയ്ക്ക് യൂറിയ, മസ്സൂറിഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ രാസവളങ്ങൾ യഥാക്രമം 110, 500, 335 ഗ്രാം വീതവും നേന്ത്രനല്ലാത്ത മറ്റിനങ്ങൾക്ക് 220, 500, 335 ഗ്രാം വീതവും നൽകുക. ഇലപ്പുള്ളി രോഗത്തിന്റെ ലക്ഷണം കണ്ടാലുടൻ രോഗം കൂടുതലുള്ള ഇലകൾ മുറിച്ച് മാറ്റി നശിപ്പിക്കുന്നത് രോഗം പടരാതിരിക്കാൻ സഹായിക്കും. പിന്നീട് സ്യൂഡോമോണാസ്, 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളുടെ രണ്ടു ഭാഗത്തും വീഴത്തക്കവണ്ണം തളിക്കണം. രോഗം രൂക്ഷമാണെങ്കിൽ രോഗബാധയേറ്റ ഇലകൾ വെട്ടി മാറ്റിയശേഷം ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം അല്ലെങ്കിൽ 'ബാവിസ്റ്റിൻ' എന്ന കുമിൾ നാശിനി 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയത് എന്നിവയിലൊന്ന്

ഇലയുടെ രണ്ടു വശത്തും വീഴത്തക്കവണ്ണം തളിച്ചു കൊടുക്കുക. തുടർച്ചയായ മഴമൂലം, വാഴയിൽ എർവിനിയ റോട്ട് രോഗം കാണാനിടയുണ്ട്. നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴത്തടത്തിൽ കുമ്മായം ഇടുന്നതും, നീർച്ചാലുകളിൽ ബ്ലീച്ചിംഗ് പൗഡർ ഇടുന്നതും നല്ലതാണ്. 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്കവണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കുന്നത് രോഗപ്രതിരോധശേഷി വർധിപ്പിക്കും. രോഗം ബാധിച്ചാൽ 3 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്കവണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കണം. ഇങ്ങനെ തയ്യാറാക്കിയ 20 ലിറ്റർ ലായനിയിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ ചേർത്ത് തളിക്കുന്നത് കൂടുതൽ ഫലപ്രദമാകും.

കുരുമുളകിന് രണ്ടാം ഗഡു വളം ചേർക്കാം. പൊതു ശുപാർശയനുസരിച്ച് ഒരു കൊടിക്ക് യൂറിയ, മസ്സൂറിഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ യഥാക്രമം 55, 125, 125 ഗ്രാം വീതം ചേർക്കാം. മൂന്നാം വർഷം മുതലാണ് ഈ അളവ്. ഒരു വർഷം പ്രായമായ കൊടിക്ക് ഇതിന്റെ മൂന്നിലൊന്നും രണ്ടു വർഷം പ്രായമായതിന് പകുതിയും വളം ചേർക്കാം. കൊടിക്ക് ചുറ്റും രണ്ടടി വ്യാസത്തിൽ എടുത്ത തടത്തിലാണ് വളം ചേർക്കേണ്ടത്. മഴക്കാലത്ത് തടങ്ങളിൽ വെള്ളം കെട്ടാതെ സൂക്ഷിക്കണം.

പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി സോപ്പ് മിശ്രിതം തളിക്കുക.

## കാലാവസ്ഥ

കേരള കാർഷിക സർവ്വകലാശാലയുടെ കാർഷിക കാലാവസ്ഥ ശാസ്ത്ര പഠന വിഭാഗം, വരും ദിവസങ്ങളിൽ കേരളത്തിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ട് എന്ന് അിറയിക്കുന്നു.

## അറിയിപ്പ്

1. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ വെച്ച് ബഡ്ഡിംങ്ങ്/ഗ്രാഫ്റ്റിംങ്ങ്/ലെയറിംങ്ങ് എന്ന വിഷയത്തിൽ 2018 ആഗസ്റ്റ് 8 മുതൽ 10 വരെ മൂന്ന് ദിവസത്തെ പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് : 1500/ രൂപ താൽപര്യമുള്ളവർ 0487 2370773, 9605612478 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 04872-370773

*3.* കേരള കാർഷിക സർവ്വകലാശാലയുടെ ഹോർട്ടികൾച്ചർ കോളേജിലെ അഗ്രോണമി വിഭാഗത്തിൽ കൂർക്കയുടെ നടീൽ വസ്തുക്കൾ ലഭ്യമാണ്. ഒരെണ്ണത്തിന് 1.5 രൂപ എന്ന നിരക്കിൽ വിൽക്കുന്ന നടീൽ വസ്തുക്കൾ ആവശ്യമുള്ള കർഷകർ *9495107358* എന്ന നമ്പറിൽ ബന്ധപ്പെടുകഭ

ഒപ്പ്
പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്റർ